നമ്പർ ഡി 3/1532/2019 ഗവ:എഞ്ചിനീയറിംഗ് കോളേജ്,

തൃശ്ശൂർ

08.04.2019

ക്വട്ടേഷൻ നോട്ടീസ്

തൃശ്ശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ നിലവിലെ കാൻറീനിന് പുറമേ ഒരു വർഷത്തേക്ക് Tea Shop/Coffee Shop നടത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻറെ പുറത്ത് ക്വട്ടേഷൻ നമ്പർ ഡി 3/2/19-20 എന്ന് എഴുതണം .പ്രസ്തുത ക്വട്ടേഷൻ 29/04/2019 2 മണിക്ക് മുൻപായി പ്രിൻസിപ്പാളിന് ലഭിക്കേണ്ടതാണ് .ക്വട്ടേഷനുകൾ 30/4/2019 രാവിലെ 11 മണിക്ക് ബന്ധപ്പെട്ട കോൺട്രാക്ടർമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഈ നോട്ടീസിനോടനുബന്ധിച്ച് ഉള്ളടക്കം ചെയ്ത പട്ടികയിൽ പറയുന്ന ആഹാര സാധനങ്ങൾക്കുള്ള സ്റ്റാൻഡേർഡ് അളവും തൂക്കവും നിരക്കും ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

1. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 10,000/- രൂപയുടെ ഡി ഡി പ്രിൻസിപ്പാളിൻറെ പേരിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. Tea Shop/Coffee Shop കരാറിൻറെ ആദ്യത്തെ മൂന്ന് മാസത്തിൽ രണ്ട് മാസം നിരീക്ഷണ കാലവും അതിനുശേഷം പരാതികൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിന് ഒരു മാസം കൂടി സമയം നൽകുന്നതുമായിരിക്കും. വീണ്ടും പരാതി ഉണ്ടെങ്കിൽ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതായിരിക്കും
3. കോൺട്രാക്ടർ ചുരുങ്ങിയത് 2 വർഷം കാൻറീൻ /ഹോട്ടൽ നടത്തുന്നവരും അല്ലെങ്കിൽ നടത്തി പരിചയം ഉള്ളവരുമായിരിക്കണം.
4. ക്വട്ടേഷനോടൊപ്പം ഒറിജിനൽ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്ഹാജരാക്കേണ്ടതാണ്. ഹോട്ടൽ നടത്തുന്നവർ പഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറിമാർ / സ്ഥാപനമേധാവി വിതരണം ചെയ്ത ലൈസൻസ്/ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. കോൺട്രാക്ടർ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയാൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതായിരിക്കും.
6. കരാർ ലഭിക്കുന്ന വ്യക്തി 200 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ പ്രിൻസിപ്പാൾക്ക് ഉടമ്പടി നൽകേണ്ടതും 10,000/- രൂപയുടെ ഡി ഡി നിക്ഷേപ തുക ആയി നല്കേണ്ടതാണ്.
7. കരാറുകാരൻ കാലാവധിക്കുള്ളിൽ Tea Shop/Coffee Shop നിർത്തിപ്പോകുന്ന പക്ഷം നിക്ഷേപ തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.
8. Tea Shop/Coffee Shop ൽ ആവശ്യമായ വെള്ളം,ഫർണീച്ചർ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതാണ് . ആയതിൻറെ കരം 500/- രൂപ എല്ലാ മാസവും 5-)0 തീയതിക്കുള്ളിൽ ഓഫീസിൽ അടക്കേണ്ടതാണ്.
9. വൈദ്യുതി ഉപയോഗിക്കുന്നതിന് വൈദ്യുതിയുടെ അതാത് കാലത്തെ താരിഫ് അനുസരിച്ച് എല്ലാ മാസവും അടക്കുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. ആയത് എല്ലാ മാസവും 10-)0 തീയതിക്കുള്ളിൽ ഈ ഓഫീസിൽ അടക്കേണ്ടതാണ്.
10. Tea Shop/Coffee Shop ജീവനക്കാർ വിദ്യാർഥികളോടും ജീവനക്കാരോടും മാന്യമായ രീതിയിൽ പെരുമാറേണ്ടതും നല്ല രുചിയോടും വൃത്തിയോടും കൂടി ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കുന്നതായിരിക്കും.
11. ചായ, കാപ്പി ഒഴികെ മറ്റു ഭക്ഷണ സാധനങ്ങൾ Tea Shop/Coffee Shop ൽ പാചകം ചെയ്യുന്നത്

പരമാവധി ഒഴിവാക്കേണ്ടതാണ്.

12. ചുരുങ്ങിയ വിലയുടെ അടിസ്ഥാനത്തിലല്ല കരാർ ഉറപ്പിക്കുന്നത് . കരാർ ഉറപ്പിക്കുന്നതും റദ്ദാക്കുന്നതിനും പ്രിൻസിപ്പാളിൻ പൂർണ്ണ അധികാരമുണ്ട്.

13. കാൻറീൻ കമ്മിറ്റിയുടെ നിർദേശങ്ങൾ അനുസരിച്ചു മാത്രമേ Tea Shop/Coffee Shop പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ .

14. വില നിശ്ചയിച്ചു കഴിഞ്ഞാൽ യാതൊരു കാരണവശാലും കരാർ തീരുന്നത് വരെ വില കൂട്ടി നൽകുകയില്ല.

15. കരാറിൽ പറഞ്ഞ ഭക്ഷണപദാർഥങ്ങൾക്ക പുറമെ മറ്റ് ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യണമെങ്കിൽ പ്രിൻസിപ്പാളിൻറെ അനുവാദം വാങ്ങേണ്ടതാണ്.

16. Tea Shop/Coffee Shop ജീവനക്കാരന് ഹെൽത്ത് കാർഡ് നിർബന്ധമാണ്.

17. മുനിസിപ്പൽ സർട്ടിഫിക്കറ്റ്,ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്, മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ കരാറുകാരൻ തന്നെ സംഘടിപ്പിക്കേണ്ടതാണ്.

18. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നതും കാൻറീൻ കമ്മിറ്റി നിശ്ചയിച്ചതുമായ ഭക്ഷണപദാർഥങ്ങളുടെ ലിസ്റ്റ് ഓരോ ദിവസവും കാലത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഓരോ ദിവസത്തെയും കൃത്യമായ Menu നേരത്തെ പ്രദർശിപ്പിക്കേണ്ടതാണ്.

19. Tea Shop/Coffee Shop പ്രവർത്തന സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ ആയിരിയ്ക്കും .

20. സർക്കാർ അവധി ദിവസങ്ങളിൽ Tea Shop/Coffee Shop മുടക്കമായിരിക്കും. എന്നാൽ പ്രത്യേക സാഹചര്യത്തിൽ പ്രിൻസിപ്പാളിൻറെ അനുവാദത്തോടു കൂടി അത്തരം ദിവസങ്ങളിൽ കൂടി തുറന്നു പ്രവർത്തിക്കാവുന്നതാണ്.

21. അതാത് ദിവസത്തെ ഭക്ഷണാവശിഷ്ടങ്ങൾ അന്നേ ദിവസം തന്നെ കരാറുകാരൻറെ ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

22. കരാറിൽ പറയുന്ന ഭക്ഷണപദാർഥങ്ങൾ ഒഴിച്ച് പ്രധാന കാൻറീനിൽ ഉണ്ടാക്കുന്ന ഭക്ഷണ സാധനങ്ങൾ - ചോറ് , ബിരിയാണി ,ചപ്പാത്തി,ദോശ ,ഇഡലി മുതലായവ Tea Shop/Coffee Shop ൽ ഉണ്ടാക്കുവാനോ വിതരണം ചെയ്യുവാനോ അനുവദിക്കില്ല

23. ബില്ലിംഗ് മെഷീൻ ഉപയോഗിച്ച് മാത്രം കച്ചവടം നടത്തേണ്ടതാണ്.

24. മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുവെങ്കിൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതും നിക്ഷേപ തുക. സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്

പ്രിൻസിപ്പാൾ

ADMINISTRATIVE ASST
GOVT. ENGG. COLLEGE
THRISSUR

നമ്പർ ഡി 3/1532/19 ഗവ:എഞ്ചിനീയറിംഗ് കോളേജ്,

തൃശ്ശൂർ

08.04.2019

Tea Shop/Coffee Shop ക്വട്ടേഷൻ

ക്വട്ടേഷൻ നമ്പർ ഡി 3/2/19-20

| ക്രമ നമ്പർ | ഇനവിവരം | അളവ്/തൂക്കം |
|---|---|---|
| 1 | ചായ (ശുദ്ധമായ മിൽമ പാൽ, ചായപ്പൊടി , പഞ്ചസാര എന്നിവ ഉപയോഗിച്ച് ) | 120 ml |
| 2 | കട്ടൻ ചായ | 120 ml |
| 3 | കാപ്പി | 120 ml |
| 4 | പാലും വെള്ളം | 120 ml |
| 5 | പരിപ്പ് വട / ഉഴുന്ന് വട | 40 ഗ്രാം |
| 6 | ഉള്ളി വട | 50 ഗ്രാം |
| 7 | പഴംപൊരി | 40 ഗ്രാം |
| 8 | ബജി | 50 ഗ്രാം |
| 9 | സുഖിയൻ | 50 ഗ്രാം |
| 10 | അട(തേങ്ങ ശർക്കര ചേർത്തത് ) | 100 ഗ്രാം |
| 11 | കൊഴുക്കട്ട(തേങ്ങ ശർക്കര ചേർത്തത് ) | 100 ഗ്രാം |

പ്രിൻസിപ്പാൾ

ADMINISTRATIVE ASST
GOVT. ENGG. COLLEGE
THRISSUR